നമ്പർ. ബി1-6141/2007

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 25.06.2008

# സർക്കുലർ

വിഷയം : ജനന-മരണ രജിസ്ട്രേഷൻ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അന്വേഷണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : ചീഫ് രജിസ്ട്രാറുടെ 19/04/2007 ലെ ബി1-6141/2007 നമ്പർ സർക്കുലർ

1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 17-ാം വകുപ്പും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 13(3)-ാം ചട്ടവും അനുസരിച്ച്, ഒരു ജനനമോ മരണോ രജിസ്ട്രേഷൻ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10-ൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. താമസിച്ചിട്ടുള്ള രജിസ്ട്രേഷന് നൽകുന്ന അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ട നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചന സർക്കുലർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ, യഥാർത്ഥ വിവരം മറച്ചുവച്ച്, ബന്ധപ്പെട്ട വ്യക്തിയെ സംബന്ധിക്കുന്ന മറ്റു രേഖകളിൽ കാണിച്ചിട്ടുള്ള ജനനസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുകയും യഥാർത്ഥ ജനനസ്ഥലം സംഗതിയിൽ ജനനം പ്രസ്തുത യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ആരായുന്നതിന് കൃത്യമായി മറുപടി ലഭിക്കാറില്ലെന്നും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ചില രജിസ്ട്രാർമാർ ആവശ്യം ഉന്നയിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ വസ്തുത നിയമ വ്യവസ്ഥയുടെയും രജിസ്ട്രാർ ജനറലും ചീഫ് രജിസ്ട്രാറും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, ഇപ്രകാരം രജിസ്ട്രാർമാർ തമ്മിൽ നടത്തുന്ന ആശയവിനിമയം രജിസ്ട്രേഷനിലെ വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് സഹായകരമാകുമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ഒരു ജനന മരണ രജിസ്ട്രാർ മറ്റൊരു യൂണിറ്റിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത ജനനം അല്ലെങ്കിൽ മരണം അല്ലെങ്കിൽ മരണം ആ യൂണിറ്റിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ജനന/മരണ രജിസ്ട്രേഷന് അനുമതി നൽകുന്നതിനുള്ള അന്വേഷണത്തിന്റെ ഭാഗമായി സബ് ഡിവിഷനിൽ രജിസ്ട്രേറ്റുമാർ ആവശ്യപ്പെടുന്ന സംഗതികളിലും ഇപ്രകാരം മറുപടി നൽകേണ്ടതാണ്. എന്നാൽ, ഇപ്രകാരം ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മറുപടി നൽകുന്നത് ചട്ടം 13 (3) പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആയി പരിഗണിക്കാൻ പാടില്ലാത്തതാണ്.

ജനനമോ മരണമോ മറ്റൊരു യൂണിറ്റിൽ രജിസ്റ്റർ ചെയ്തിരിക്കാൻ സാദ്ധ്യതയുള്ളതായി അന്വേഷണത്തിൽ സംശയമുണ്ടാകുന്ന കേസുകളിൽ മാത്രം പ്രസ്തുത യൂണിറ്റിൽ അന്വേഷണം നടത്തുന്നതിനും അത്തരം അന്വേഷണങ്ങൾക്ക് കഴിവതും വേഗം മറുപടി നൽകുന്നതിനും എല്ലാ രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട എല്ലാ രജിസ്ട്രാർമാരും ജില്ലാ രജിസ്ട്രാർമാരും സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

**ഡോ.വി.എം.ഗോപാല മേനോൻ, ഐ.എ.എസ്**

**ജനന–മരണ ചീഫ് രജിസ്ട്രാർ**

**പഞ്ചായത്ത് ഡയറക്ടർ**

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും പകർപ്പ് നൽകേണ്ടതാണ്)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ആഫീസർ, കണ്ണൂർ കന്റോൺമെന്റ് ബോർഡ്
എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും
അഡീഷണൽ ചീഫ് രജിസ്ട്രാർ
നഗരകാര്യ വകുപ്പു ഡയറക്ടർ
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരി പത്രം സഹിതം)
എക്സിക്യൂട്ടീവ് ചെയർമാൻ &ഡയറക്ടർ, ഐ.കെ.എം (ഉപരി പത്രം സഹിതം)
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
പബ്ലിസിറ്റി ആഫീസർ
കരുതൽ ഫയൽ

ആജ്ഞാനുസരണം

സൂപ്രണ്ട്